പതിമൂന്നാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.632**

10-03-2015 ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ബി. എച്ച്. ഇ . എൽ

ചോദ്യം

ശ്രീ. എൻ.എ.നെല്ലിക്കുന്ന്

(എ) കാസർഗോഡ് ജില്ലയിലെ കെ.ഇ.എൽ.നെ ബി. എച്ച്.ഇ.എൽ ആക്കി മാറ്റിയ ശേഷം എന്ത് പുരോഗതിയാണ് ആ സ്ഥാപനത്തിനുണ്ടായത്;

(ബി) ഉദ്പാദന വർദ്ധനവ്, മാർക്കറ്റിംഗിൽ പുരോഗതി, തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ വർദ്ധനവ് എന്നിവ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

ഉത്തരം

ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി

(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) കെല്ലിന്റെ കാസർഗോഡ് യൂണിറ്റിനെ ഭെൽ (BHEL) ഏറ്റെടുത്തതിനുശേഷം കമ്പനി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഏറ്റെടുത്ത ആദ്യ മൂന്ന വർഷവും കമ്പനിയുടെ വിറ്റുവരവ് ഉയർത്താൻ സാധിച്ചെങ്കിലും ഈ സാമ്പത്തിക വർഷം (2014- 15) കമ്പനി വളരെ മോശം പ്രവർത്തനമാണ് കാഴ്ചവെച്ചിട്ടുള്ളത്. തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ ഇതേവരെ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല.

(സി) ഇന്ത്യൻ റെയിൽവേ ആണ് ഈ കമ്പനിയുടെ പ്രധാന ഉപഭോക്താവ്. റെയിൽവേയിൽ നിന്ന് ഓർഡറുകൾ ലഭിക്കാത്തതാണ് ഈ കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി.

| | | | |
|---|---|---|---|
| (ഡി) | ബി. എച്ച്. ഇ . എൽ ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഡി) & (ഇ) | കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ, കമ്പനിക്ക് കൂടുതൽ ഓർഡറുകളും ടി സംയുക്ത സംരംഭ കമ്പനിയിൽ ആധുനിക സാങ്കേതികവിദ്യയും കൂടുതൽ ഇൻവെസ്റ്റ്മെന്റും നടത്തേണ്ടതിന്റെ അവശ്യകതയും കേന്ദ്ര ഘന വ്യവസായ വകുപ്പ് മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വരുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | തൊഴിലാളികളുടെയും കമ്പനിയുടെയും താൽപര്യങ്ങൾ സംരക്ഷിക്കാനും പ്രവർത്തനം മെച്ചപ്പെടുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ